# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1194** **05.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തിൽ രാസവസ്തുക്കൾ പുരട്ടുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | സംസ്ഥാനത്തെ വിവിധ ഫിഷ് സ്റ്റോളുകളിലും, മത്സ്യമാർക്കറ്റുകളിലും വിറ്റഴിക്കുന്ന മത്സ്യത്തിൽ വിഷദ്രാവകങ്ങൾ പുരട്ടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) & ബി) | മത്സ്യങ്ങളിൽ രാസവസ്തുക്കൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ജില്ലകളിൽ ഫിഷറീസ് ഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് സംയുക്ത പരിശോധന നടത്തി വരികയും ചെയ്യുന്നു. |
| ബി) | മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന ഇത്തരം ദ്രാവകങ്ങൾ പുരട്ടുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; | | |
| സി) | ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലും സൂക്ഷിക്കുന്ന മത്സ്യത്തിൽ അമിതമായ രീതിയിൽ രാസവസ്തുക്കൾ പുരട്ടി സൂക്ഷിക്കുന്നത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ; | സി), ഡി) & ഇ) | ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും സൂക്ഷിക്കുന്ന മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ വകുപ്പ് നടപടി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പാണ് നടപടി സ്വീകരിക്കുന്നത്. |
| ഡി) | ഫിഷറീസ് വകുപ്പ് ഇത്തരത്തിൽ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ; | | |
| ഇ) | 2010 ജനുവരി മുതൽ പരിശോധനയിൽ കണ്ടെത്തിയവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | | |
| എഫ്) | ഫിഷറീസ് വകുപ്പ് മത്സ്യ പരിശോധനയ്ക്ക് വേണ്ടി പ്രത്യേക വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എഫ്) | സ്വീകരിക്കുന്നതാണ്.<br><br>ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ |

മത്സ്യ മാർക്കറ്റുകൾ ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മൊത്ത മത്സ്യ വ്യാപാര വിപണന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഈ സ്ക്വാഡ് പരിശോധന നടത്തുകയും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.

**സെക്ഷൻ ആഫീസർ**